**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4934** **11-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രോഗികൾക്ക് സൗജന്യമായി എന്തൊക്കെ ചികിത്സാ സൗകര്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താരതമ്യേന ദീർഘസ്ഥായി രോഗങ്ങളായിട്ടുള്ളതും ഉയർന്ന ചികിത്സാ ചെലവ് വേണ്ടി വരുന്നതുമായ വൃക്ക രോഗങ്ങൾക്ക് സൗജന്യ നിരക്കിൽ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 87 ഡയാലിസിസ് കേന്ദ്രങ്ങളിലും കുറഞ്ഞ നിരക്കിലാണ് ഡയാലിസിസും ഇതിനോടനുബന്ധമായിട്ടുള്ള മരുന്നുകളും നൽകി വരുന്നത്. കീമോ ഡയാലിസിസ് കൊണ്ട് രോഗികൾക്ക് സാമ്പത്തിക ഭാരവും സമയ നഷ്ടവും പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ വീട്ടുകളിൽ വെച്ച് തന്നെ ഡയാലിസിസ് ചെയ്യുവാൻ സാധിക്കുന്ന പെരിട്ടോണിയൽ ഡയാലിലിസ് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പ്രധാന സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ ആരോഗ്യ കേരളം പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റ ശാസ്ത്രക്രിയക്കും ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ വരെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസ പദ്ധതി പ്രകാരം വൃക്ക/കരൾ അവയവം മാറ്റി വയ്ക്കൽ ശസ്ത്ര ക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നത്. രോഗിയെ പരിചരിക്കുന്നവർക്ക് 1000രൂപ പെൻഷൻ നൽകുന്നുണ്ട്. ഇത് ഡയാലിസിസ് രോഗികൾക്കും ലഭ്യമാണ്. അവയവ മാറ്റ ശാസ്ത്രക്രിയ നടത്തി ആറ് മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായവും ലഭിക്കുന്നതാണ്. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ അനുദിനം വർദ്ധിച്ചു വരുന്ന വൃക്കരോഗികൾക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ഒരുക്കുകയും, യന്ത്രങ്ങൾ സന്നദ്ധ സംഘടനകൾ വഴി ലഭ്യമാക്കുകയും ചെയ്താൽ മറ്റ് പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻകൈയെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ